സംസ്ഥാനത്തെ ടൂറിസത്തിന്റെ വളർച്ചയെ ബാധിക്കുന്ന പ്രശ്നങ്ങൾ

36 [712] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസത്തിന്റെ വളർച്ചയെ ബാധിക്കുന്ന വിവിധ മേഖലകളുടെ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായ ഒരു പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ടൂറിസത്തിന്റെ വളർച്ചയെ ബാധിക്കുന്ന പ്രമുഖ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ടൂറിസം ഉന്നതാധികാരസമിതി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഉന്നതാധികാരസമിതിയുടെ പ്രവർത്തനം വിശദമാക്കാമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്. ടൂറിസത്തിലൂടെയുള്ള സാമ്പത്തിക നേട്ടങ്ങളെപ്പറ്റി T.C.S-ലൂടെയും ടൂറിസം വളർച്ചയുടെ വിവിധ വശങ്ങളെപ്പറ്റി WTTC-യിലൂടെയും കായലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെപ്പറ്റി CES (കൺസൾട്ടൻസി എൻജിനീയറിംഗ് സർവ്വീസ്)-ലൂടെയും, മൂന്നാറിന്റെയും കുമരകത്തിന്റെയും ക്യാരിയിംഗ് കപ്പാസിറ്റി CESS-ലൂടെയും നടത്തിയിട്ടുണ്ട്.

(ബി) സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കാനിരിക്കുന്നതേയുള്ളൂ. വിപണന രംഗത്തെ വിവിധ പ്രശ്നങ്ങൾ, ഗുണനിലവാരമുള്ള മനുഷ്യശേഷിയുടെ അഭാവം, നികുതി സംബന്ധമായ പ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ ടൂറിസം വികസനത്തെ ബാധിക്കുന്നതായി കരുതുന്നു.

(സി) സംസ്ഥാനതലത്തിൽ ഒരു ടൂറിസം ഉപദേശകസമിതി പ്രവർത്തിക്കുന്നുണ്ട്. ടൂറിസം മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് വകുപ്പിനെ ഉപദേശിക്കുകയാണ് സമിതിയുടെ കടമ. ടി സമിതി 2005 ഒക്ടോബറിൽ ആദ്യ യോഗം ചേർന്ന് ഉപസമിതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ഉപസമിതികൾ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

'വഴിയോരം' ടൂറിസം പദ്ധതി

37 [713] ശ്രീ. പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ:
,, കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വഴിയോരം' എന്ന ടൂറിസം പദ്ധതി പണി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും.;

LIBRARY ARCHIVES Kerala Legislative Assembly